# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം

Web: www.malankaraorthodoxalmayavedhi.org

2007 മെയ് 7


# കടമറ്റം പള്ളിയിൽ സംഘർഷം

## കാതോലിക്കേറ്റ് സെന്റർ എറിഞ്ഞു തകർത്തു.

## വലിയപള്ളി കുത്തിത്തുറന്നു

കടമറ്റം: കടമറ്റം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിലെ പെരുന്നാളിനോടനുബന്ധിച്ച് കാതോലിക്കേറ്റ് സെന്റർ എറിഞ്ഞുതകർത്തു. യാതൊരു പ്രകോപനവും കൂടാതെയാണ് ഇന്നലെ രാത്രി 12 മണിയ്ക്ക് കാതോലിക്കേറ്റ് സെന്റർ എറിഞ്ഞു തകർത്തത്.

ഇരുവിഭാഗവും തവണ വച്ചു കർമ്മം നടത്തുന്ന പള്ളിയുടെ താക്കോൽ ഓർത്തഡോക്സ് സഭയുടെ കൈവശമാണ്. പതിവുപോലെ ഇന്നലെ രാത്രി 11.30 ന് ശുശ്രൂഷകൻ റെജി പോലീസിന്റെ സാന്നിദ്ധ്യത്തിൽ പള്ളിപൂട്ടി വീട്ടിൽപോയി. പോലീസുകാരും സ്ഥലംവിട്ടു. തുടർന്നാണ് പള്ളി കുത്തിപ്പൊളിച്ചത്. തുടർന്ന് പള്ളിയോടു ചേർന്നുള്ള കാതോലിക്കേറ്റ് സെന്റർ എറിഞ്ഞു തകർക്കുകയും ചെയ്തു.

ഇടക്കാല ഉടമ്പടിപ്രകാരം ഓർത്തഡോക്സ് സഭയുടെ പെരുന്നാൾ വെള്ളി, ശനി ദിവസങ്ങളിൽ നടത്തിയിരുന്നു. പുത്തൻകുരിശു സൊസെറ്റിയുടെ പെരുന്നാൾ ഞായർ, തിങ്കൾ ദിവസങ്ങളിലാണ് ആഘോഷിച്ചത്. മലങ്കരസഭ ശനിയാഴ്ച നടത്തിയ പെരുന്നാളിന് അഭൂതപൂർവ്വമായ ആൾക്കൂട്ടമായിരുന്നു പുത്തൻകുരിശു സൊസൈറ്റി വക പെരുന്നാളിനു ഇന്നലെ രാത്രി തീരെ ആളില്ലായിരുന്നു. ഇതിൽ പ്രകോപിതരായവരത്രെ കാതോലിക്കേറ്റ് സെന്റർ എറിഞ്ഞുതകർത്തത്. നിയമാനുസൃത കൈവശക്കാരായ ഓർത്തഡോക്സ് സഭയുടെ കൈവശാവകാശം ഇല്ലാതാക്കാനാണത്രെ വലിയപള്ളി കുത്തിത്തകർത്തത്. കാതോലിക്കേറ്റ് സെന്ററിന് ഏതാണ്ട് ഒരു ലക്ഷം രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കുന്നു.

തലേന്നുരാത്രി പള്ളി കുത്തിത്തുറക്കാനും കാതോലിക്കേറ്റ് സെന്റർ എറിഞ്ഞു തകർക്കാനും ആഹ്വാനം നൽകിയത് പുത്തൻകുരിശുസൊസൈറ്റിയിലെ ഫാ. സ്ലീബാ പോൾ വെട്ടുവേലിയാണെന്ന് പോലീസ് റിപ്പോർട്ടു ചെയ്തു.

സംഭവമറിഞ്ഞ ഉടൻ പ. കാതോലിക്കാബാവാ മുഖ്യമന്ത്രി, ആഭ്യന്തരമന്ത്രി എന്നിവരുമായി ബന്ധപ്പെട്ടു. നിയമവാഴ്ച ഉറപ്പാക്കുമെന്ന് അവർ പ. കാതോലിക്കാബാവായ്ക്ക് വാഗ്ദാനം നൽകി. ഇപ്പോൾ ഡി. വൈ. എസ്. പി. യുടെ നേതൃത്വത്തിൽ സംഭവസ്ഥലത്ത് വൻ പോലീസ് സന്നാഹം ക്യാമ്പ് ചെയ്യുന്നുണ്ട്.

പ. കാതോലിക്കാബാവായുടെ പ്രത്യേക പ്രതിനിധിയായി ഉപദേശക സമിതിയംഗം ജോൺ സഖറിയായെ പ. ബാവാ ചുമതലപ്പെടുത്തി. ജില്ലാ അധികാരികളുമായി ബന്ധപ്പെട്ട അദ്ദേഹത്തിന് കുറ്റവാളികളുടെ പേരിൽ കർശന നടപടി എടുക്കുമെന്ന ഉറപ്പ് ലഭിച്ചിട്ടുണ്ട്. അക്രമത്തിന് ആഹ്വാനം ചെയ്യുകയും നേതൃത്വം നൽകുകയും ചെയ്ത ഫാ. വെട്ടുവേലിയടക്കമുള്ളവരുടെ പേരിൽ കർശന നടപടിയെടുക്കണമെന്ന് സംഭവസ്ഥലം സന്ദർശിച്ച മാനേജിംഗ് കമ്മറ്റിയംഗം അഡ്വ. ബിജു ഉമ്മൻ ആവശ്യപ്പെട്ടു.

പോലീസും ജില്ലാ അധികാരികളും കർശനനടപടിയെടുത്തതിനെ തുടർന്ന് സംഭവസ്ഥലം തൽക്കാലം ശാന്തമാണെങ്കിലും സംഘർഷാവസ്ഥ നിലനിൽക്കുകയാണ്. ഇന്ന് നാലു മണിയ്ക്ക് പ. കാതോലിക്കാബാവായുടെ നിർദ്ദേശപ്രകാരം ശ്രേഷ്ഠ നിയുക്ത കാതോലിക്കാബാവായും വൈദീകട്രസ്റ്റിയും സംഭവസ്ഥലം സന്ദർശിച്ചു.

ഫാ. സ്ലീബാ വെട്ടുവേലിയെ ഒന്നാംപ്രതിയാക്കി കണ്ടാലറിയാവുന്ന മറ്റ് 25 പേർക്കെതിരെ പോലീസ് കേസെടുത്തു. ജാമ്യമില്ലാത്ത വകുപ്പുകൾ അനുസരിച്ചാണ് കേസ് ചാർജ് ചെയ്തിട്ടുള്ളത്. ഉടൻ ശക്തമായ നടപടി ഉണ്ടാകുമെന്ന് എറണാകുളം റൂറൽ എസ്. പി. പത്മനാഭൻ അറിയിച്ചു.

വൈകുന്നേരം കടമറ്റത്ത് പ്രതിഷേധ യോഗം നടന്നു. ഫാ. ഒ. പി. വർഗീസ് അദ്ധ്യക്ഷത വഹിച്ചു. ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ് സമ്മേളനം ഉദ്ഘാടനം ചെയ്തു. സഭാ ട്രസ്റ്റി എം. ജി. ജോർജ് മുത്തൂറ്റ്, ഉപദേശക സമിതിയംഗം ജോൺ സഖറിയ, സഭാ മാനേജിംഗ് കമ്മറ്റിയംഗം അഡ്വ. ബിജു ഉമ്മൻ, ഫാ. ഏലിയാസ് ചെറുകാട് തുടങ്ങിയവർ യോഗത്തിൽ സംസാരിച്ചു. സ്ഥലത്ത് കനത്ത പോലീസ് സംഘം ക്യാമ്പ് ചെയ്യുന്നുണ്ട്.





## അണയാൻ പോകുന്ന തിരിയുടെ അവസാന ആളിക്കത്തൽ: സഭാ ട്രസ്റ്റി

കടമറ്റം: അണയാൻ പോകുന്ന തിരിയുടെ അവസാന ആളിക്കത്തൽ പോലെയാണ് പുത്തൻകുരിശു സൊസൈറ്റിയുടെ കടമറ്റം പള്ളി കുത്തിത്തുറക്കൽ എന്ന് സഭാ അൽമായ ട്രസ്റ്റി എം. ജി. ജോർജ് മുത്തൂറ്റ് പറഞ്ഞു. കടമറ്റത്ത് നടന്ന പ്രതിഷേധ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സുപ്രീംകോടതിവിധി വന്നതോടെ അങ്കലാപ്പിലായ പുത്തൻകുരിശു സൊസൈറ്റി അവസാനവട്ട തറവേലകളായി ഇത്തരം പല അതിക്രമങ്ങളും ചെയ്യും. പക്ഷേ ഈ സഭയിലെ പ്രശ്നങ്ങൾ അവസാനിക്കുവാൻ പോകുകയാണ്. നീതിന്യായ വ്യവസ്ഥിതിയെ വിമർശിക്കാതെ അതിനെ ബഹുമാനിക്കുവാൻ അദ്ദേഹം പുത്തൻകുരിശു സൊസൈറ്റിയെ ഉപദേശിച്ചു. തന്റെ വിഭജന വിരുദ്ധ നിലപാട് അദ്ദേഹം അസന്നിഗ്ധമായി യോഗത്തിൽ പ്രഖ്യാപിച്ചു.





# മലങ്കര ഓർത്തഡോക്സ് റ്റി. വി. യാഥാർത്ഥ്യമാകുന്നു

**ലെജു പി. തോമസ്**

മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഒരു റ്റി. വി. ചാനൽ ഉണ്ടാകണമെന്ന ആഗ്രഹം വർഷങ്ങളായി നിലവിൽ ഉണ്ടെങ്കിലും അത്തരമൊരു ചാനൽ ആരംഭിക്കുവാൻ സഭാനേതൃത്വം മുന്നിട്ടിറങ്ങുകയോ സഭാംഗങ്ങളായ വ്യക്തികൾ അതിന് നേതൃത്വം കൊടുക്കുകയോ ചെയ്യുന്നതായി അറിവില്ല. ഒരു ചാനൽ യാഥാർത്ഥ്യമാകണമെങ്കിൽ കോടിക്കണക്കിന് പണം മുടക്കേണ്ടതായി വരും. അതുകൊണ്ടാവാം ആരുമതിന് മുന്നിട്ടിറങ്ങാത്തത്. തിരുവനന്തപുരം ലാത്തിച്ചാർജ് ദൃശ്യമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തതിന്റെ പശ്ചാത്തലത്തിൽ, വീണ്ടും സഭയുടേതായി ഒരു ചാനലെന്ന ആശയം ചർച്ചാവിഷയമാകുന്നുണ്ട്. ഈയൊരു സാഹചര്യത്തിലാണ് ഒരു ഓൺലൈൻ റ്റി. വി. ചാനൽ എന്ന ആശയവുമായി കോട്ടയം കേന്ദ്രമാക്കി ആരംഭിച്ചിരിക്കുന്ന മലങ്കര ഓർത്തഡോക്സ് കമ്മ്യൂണിക്കേഷൻ രംഗത്തെത്തുന്നത്.

മലങ്കര ഓർത്തഡോക്സ് സഭാ സംബന്ധമായ വാർത്തകളും റിപ്പോർട്ടുകളും വിശ്വാസ സംബന്ധമായ പ്രസംഗങ്ങളും ധ്യാനങ്ങളും സഭാചരിത്ര - വിശ്വാസ സംബന്ധമായ സി. ഡി. കളും ഡോക്യുമെന്ററികളും ഓൺലൈനിൽ ലഭ്യമാക്കുക എന്നതാണ് മലങ്കര ഓർത്തഡോക്സ് റ്റി. വി. ലക്ഷ്യം വയ്ക്കുന്നത്. സഭാ സംബന്ധമായ പ്രധാനപ്പെട്ട പരിപാടികളും പെരുനാളുകളും തത്സമയം ലഭ്യമാക്കാനും ഈ ചാനലിന് ഉദ്ദേശ്യമുണ്ട്. www.malankaraorthodox.tv എന്ന വെബ്സൈറ്റിലൂടെയാണ് M TV എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഈ ചാനൽ ഓൺലൈനിൽ ലഭ്യമാകുന്നത്.

സഭാചരിത്ര ഗവേഷകനും, പത്രപ്രവർത്തകനും, മലങ്കരസഭാ സംബന്ധമായ വാർത്തകളും ചരിത്രരേഖകളും ഗ്രന്ഥങ്ങളും ഇന്റർനെറ്റ് വഴി സൗജന്യമായി ലഭ്യമാക്കുവാനായി അക്ഷീണ പരിശ്രമം നടത്തുന്ന വ്യക്തിയുമായ ജോയ്സ് തോട്ടയ്ക്കാടാണ് ഇന്ത്യൻ ഓർത്തഡോക്സ് റ്റി. വി. യുടെ ഓൺലൈൻ എഡിറ്ററായി പ്രവർത്തിക്കുന്നത്.